# റഷ്യൻ പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ സംഭാഷണം

ഓഗസ്റ്റ് 28, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ്  വ്ലാഡിമിർ പ്യൂടിനുമായി ടെലിഫോൺ സംഭാഷണം നടത്തി.

ഇരു നേതാക്കളും ഉഭയകക്ഷി സഹകരണത്തിന്റെ നിരവധി വിഷയങ്ങളിലെ പുരോഗതി അവലോകനം ചെയ്യുകയും ജോഹന്നാസ്ബർഗിൽ അടുത്തിടെ സമാപിച്ച ബ്രിക്സ് ഉച്ചകോടി ഉൾപ്പെടെ ഇരു രാജ്യങ്ങളെയും സംബന്ധിക്കുന്ന പ്രാദേശിക, ആഗോള വിഷയങ്ങളിൽ ആശയങ്ങൾ കൈമാറുകയുംചെയ്തു.

2023 സെപ്റ്റംബർ 9-10 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കുന്ന ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാനുള്ള തന്റെ അസൗകര്യം പ്രസിഡന്റ് പ്യൂടിൻ അറിയിച്ചു. റഷ്യയെ പ്രതിനിധീകരിക്കുന്നത് റഷ്യൻ ഫെഡറേഷന്റെ വിദേശകാര്യ മന്ത്രി ശ്രീ സെർജി ലാവ്‌റോവ് ആയിരിക്കുമെന്നു അദ്ദേഹം പ്രധാനമന്ത്രിയെ അറിയിച്ചു.

റഷ്യയുടെ തീരുമാനം മനസ്സിലാക്കി അംഗീകരിച്ച പ്രധാനമന്ത്രി, ഇന്ത്യയുടെ ജി 20 പ്രസിഡൻസിക്ക് കീഴിലുള്ള എല്ലാ സംരംഭങ്ങൾക്കും റഷ്യ സ്ഥിരമായ നൽകിയ  പിന്തുണക്ക്  പ്രസിഡന്റ് പ്യൂടിനു നന്ദി രേഖപെടുത്തി .

ആശയവിനിമയവും ബന്ധവും തുടർന്നു കൊണ്ടുപോകാമെന്ന്  ഇരു നേതാക്കളും നിശ്ചയിച്ചു.

**ന്യൂ ഡെൽഹി**
**ഓഗസ്റ്റ് 28, 2023**